പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5831

25.05.2017 ൽ മറുപടിയ്ക്ക്

# യുവജനക്ഷേമ വകുപ്പിന്റെ ചുമതലയിൽ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.ആർ. രാമചന്ദ്രൻ**

**മറുപടി**

**ശ്രീ.എ.സി.മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കുട്ടികളിലും യുവാക്കളിലുമുള്ള കായികാഭിരുചിയും സർഗ്ഗവാസനയും പരിപാഷിപ്പിക്കുന്നതിനായി യുവജന ക്ഷേമ വകുപ്പിന്റെ ചുമതലയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കുട്ടികളിലെ കായികാഭിരുചി പരിപോഷിപ്പിക്കുന്നതിനായി എല്ലാജില്ലകളിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിശീലകർ/ട്രെയിനർമാർ പരിശീലനം നൽകി വരുന്നു. കേരളത്തിലെ സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ എന്നിവ കേന്ദ്രീകരിച്ച് ഡേബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. ഗ്രാമങ്ങളിൽ 11 റൂറൽ കോച്ചിംഗ് സെന്ററുകളിലും സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളിലും വിവിധ സ്കൂൾ/കോളേജ് മാനേജ്മെന്റുകളുടെ സഹകരണത്തോടെ സ്കൂൾ/കോളേജുകളിലെ സ്പോർട്സ് ഹോസ്റ്റലുകളിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിശീലകർ പരിശീലനം നൽകി വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള 43 സംസ്ഥാന കായിക അസോസിയേഷൻ മുഖേനയും ഇവയുടെ ജില്ലാ യൂണിറ്റുകൾ മുഖേനയും കായികതാരങ്ങൾക്ക് പരിശീലനം നൽകി വരുന്നുണ്ട്.<br>18 മുതൽ 40 വയസ്സ് വരെയുള്ള യുവാക്കളുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ചുമതല. യുവാക്കളിലുള്ള കായികാഭിരുചിയും സർഗ്ഗവാസനയും പരിപോഷിപ്പിക്കുന്നതിനായി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ, കേരളോത്സവം, യുവസാഹിത്യ ക്യാമ്പ്, യുവ കായിക വികസന പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, ഷോർട്ട് ഫിലിം ഫെസ്റ്റിവെൽ തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉല്ലാസയാത്രയോടനുബന്ധിച്ചും മറ്റും വെള്ളക്കെട്ടുകളിൽ വീണ് യുവജനങ്ങളും കുട്ടികളും മരിക്കുന്ന സാഹചര്യത്തിൽ കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ? | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള നീന്തൽക്കുളങ്ങളിൽ കൗൺസിൽ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് നീന്തൽ പരിശീലനം നൽകി വരുന്നു. കൂടാതെ കൗൺസിൽ പരിശീലകർ വിവിധ അസോസിയേഷനുകൾ/ക്ലബ്ബുകൾ മുഖേനയും നീന്തലിൽ പരിശീലനം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | നീന്തൽ അഭ്യസിപ്പിക്കുന്നതിലൂടെ ആരോഗ്യം സമ്പുഷ്ടമാക്കുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹായകരമാകും വിധം സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ, എല്ലാ ജില്ലകളിലെയും കൗമാരപ്രായക്കാർക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി 2017-18 സാമ്പത്തിക വർഷം ബോർഡ് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ